# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*249</u>   <u>08.05.2017 ൽ മറുപടിക്ക്</u>**

**<u>നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ആഡിറ്റും</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ ജി സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ആഡിറ്റും നിർബന്ധമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ആഡിറ്റിംഗും നടപ്പിലാക്കുന്നതു സംബന്ധിച്ചുള്ള സോഷ്യൽ ആഡിറ്റിംഗ് നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയുടെ ചില പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് സോഷ്യൽ ആഡിറ്റിംഗ് നടത്തിയിട്ടുണ്ട്. പൊതുമരാമത്തു വകുപ്പ് ദേശീയപാതാ വിഭാഗത്തിൻ കീഴിലുള്ള ഓച്ചിറ - ചേർത്തല റോഡിലെ നിർമ്മാണത്തിന്റെ അപാകത പരിശോധിക്കുന്നതിനായി പ്രത്യേകമായ സോഷ്യൽ ഓഡിറ്റ് ടീമിനെയും വയനാട് ജില്ലയിലെ ഒരു പ്രവൃത്തി സംബന്ധിച്ച പരാതി പരിശോധിക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെയും നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ജനകീയ സമിതികൾ പരിശോധിച്ച് അനുമതി നൽകിയാൽ മാത്രമേ കരാറുകാരുടെ ബില്ലുകൾ മാറി നൽകുകയുള്ളൂ എന്ന നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ; | ബി) | ജനകീയ സമിതികൾ അനുമതി നൽകിയാൽ മാത്രമേ കരാറുകാരുടെ ബില്ലുകൾ മാറി നൽകുകയുള്ളൂ എന്ന നിബന്ധന നിലവിൽ ഇല്ല. |
| സി) | മേല്പറഞ്ഞവ പ്രാവർത്തികമാക്കുന്നതിന് നിയമനിർമ്മാണം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | സി) | സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിലേയ്ക്കായി പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുക എന്നതാണ് പ്രധാന ലക്ഷ്യം. ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ മരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചതാണ്. സോഷ്യൽ ഓഡിറ്റ് പ്രാവർത്തികമാക്കുന്നതിന് മരാമത്ത് വകുപ്പിൽ പ്രത്യേക നിയമ നിർമ്മാണം ആവശ്യമുണ്ടോ എന്നതു സംബന്ധിച്ച് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ